കമ്മീഷനിൽ അവലംബിച്ചു പോരുന്നത്. ആയതിനാൽ പരാതികൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഏത് അധികാര സ്ഥാപനത്തിനെതിരെയുള്ള പരാതിക്കളാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പോലീസിനെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര കേസുകൾ എടുത്തിട്ടുണ്ട്, അവർ ആരെല്ലാമെന്നും കൃത്യമായി വിവരം നൽകാൻ കഴിയില്ല.

(ഡി) കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. അവ പരിശോധിച്ചു വരുന്നു.*

കൊയിലാണ്ടിയിൽ പ്രതികളെ കൈയാമംവെച്ച് പൊതുജനമദ്ധ്യത്തിൽ നടത്തിച്ച സംഭവം

143 (7706) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ ചില കേസുകളിലെ പ്രതികളായിട്ടുള്ളവരെ കൈയാമംവച്ച് പൊതുജനമദ്ധ്യത്തിൽ നടത്തിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പോലീസ് പ്രസ്തുത രീതിയിൽ പ്രതികളെ നടത്തിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) ഏതെല്ലാം പ്രതികളെയാണ് പോലീസ് ഇങ്ങനെ കൈയാമംവച്ച് പൊതുജനമദ്ധ്യത്തിൽ നടത്തിച്ചത് ; ഇങ്ങനെ നടത്തിച്ച പ്രതികൾ ഗുരുതരമായ കുറ്റങ്ങൾക്ക് മുൻപ് ശിക്ഷിക്കപ്പെട്ടവർ ആയിരുന്നുവോ ;

(ഡി) കൊയിലാണ്ടി സി.ഐ.യുടെ നേതൃത്വത്തിൽ നിരന്തരമായി ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ സമഗ്രമായ ഒരന്വേഷണം നടത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ജനപ്രതിനിധികൾക്കെതിരെ സ്ഥലം സി.ഐ. എന്തെങ്കിലും പത്രപ്രസ്താവന നടത്തിയിട്ടുണ്ടോ ; ഇതിനെതിരെ ഏതെങ്കിലും ജനപ്രതിനിധി പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതികൾ അറസ്റ്റിന് വഴങ്ങാതിരിക്കുകയോ ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുന്ന വഴിയിൽ പിടികൂടുകയോ തെളിവെടുപ്പിന് കൊണ്ടുപോകുന്ന പ്രതി കലഹ സ്വഭാവിയായും അക്രമാസക്തനായും കാണുന്ന സമയത്തോ ആണ് പ്രതികളെ കൈവിലങ്ങ് അണിയിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത്.

(സി) 1. അജയ് ചന്ദ്രൻ S/o ചന്ദ്രൻ, 2. വിപിൻ S/o ബാലൻ, 3. റിനീഷ് S/o രാമകൃഷ്ണൻ ടിയാന്മാർ മുമ്പ് ഗുരുതര കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ജനപ്രതിനിധികൾക്കെതിരെ സ്ഥലം സി.ഐ പത്രപ്രസ്താവന നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം

144 (7707) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന പ്രശസ്ത സാംസ്കാരിക പ്രവർത്തകൻ മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) അന്വേഷണ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മാവേലിക്കര രാമചന്ദ്രന്റെ തിരോധാനത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമോ ;

(ഇ) തിരോധാനത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അന്വേഷണം നടത്താൻ ഉത്തരവിടുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 291/13 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ശ്രീ. മാവേലിക്കര രാമചന്ദ്രൻ സ്ഥിരമായി യാത്ര ചെയ്തിരുന്ന കാറിൽ 29-9-2012 തീയതി തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ പോയതായും അവിടെനിന്നും ട്രെയിനിൽ കയറി മുംബൈക്ക് പോയതായും ടിയാന്റെ പരിചയക്കാരനായ മഹാരാഷ്ട്ര ഗവർണറെ കാണുവാനാണ് പോയിട്ടുള്ളതെന്ന് അറിയുവാൻ കഴിഞ്ഞതിനാൽ കേരള രാജ്ഭവനുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ടിയാൻ മഹാരാഷ്ട്ര ഗവർണറെ കണ്ടതായും വിവരം ലഭിച്ചിട്ടുണ്ട്. അതിനുശേഷം ടിയാന്റെ യാത്രാ വിവരം സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമായിട്ടില്ല. നാളിതുവരെയുള്ള അന്വേഷണത്തിൽ ടിയാനെ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ടി കേസ് തെളിക്കേണ്ട പട്ടികയിൽ ഉൾപ്പെടുത്തി ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി & ഇ) ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിയിട്ടുള്ളതും ടിയാനെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly